വിടങ്ങളിൽ ഓരോ മാസ്റ്റർ പ്ലാൻ നടപ്പിലാക്കാനും ഉദ്ദേശമുണ്ട്. പുതിയ കേബിളുകൾ, ട്രാൻസ്ഫോർമറുകൾ, സ്വിച്ചിംഗ് സ്റ്റേഷനുകൾ, കപ്പാസിറ്ററുകൾ എന്നിവ സ്ഥാപിച്ച് വൈദ്യുതിശൃംഖല ശക്തിപ്പെടുത്തുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ കാനഡാ ഗവൺമെന്റിന്റെ സഹായം പ്രതീക്ഷിച്ചുകൊണ്ട് സ്റ്റാറ്റിക്വാർ കോമ്പൻസേറ്റർ മൂലമുള്ള വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 7-ാം പദ്ധതിക്കാലത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന 52 സബ് സ്റ്റേഷനുകളിൽ ഭൂരിഭാഗവും മലബാർ പ്രദേശത്താണ് സ്ഥാപിക്കുന്നത്. ഇതിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ തൃശ്ശൂരും, രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകൾ കണ്ണൂരും, കാസർഗോഡുമാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. വിവിധ സബ്സ്റ്റേഷനുകളിൽ കപ്പാസിറ്ററുകൾ സ്ഥാപിക്കുന്നതുകൊണ്ട് വോൾട്ടേജ് കുറവ് ഒരു പരിധിവരെ പരിഹരിക്കപ്പെടും. കോഴിക്കോട് പട്ടണത്തിലെ വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി നേരത്തേ സൂചിപ്പിച്ചിരിക്കുന്ന മാതിരി അവിടെ ഒരു മാസ്റ്റർ പ്ലാൻ വിഭാവന ചെയ്തിട്ടുണ്ട്.

വണ്ടിപ്പെരിയാർ സെക്ഷൻ ആഫീസിന്റെ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം

470. [663] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ കീഴിലുള്ള വണ്ടിപ്പെരിയാർ സെക്ഷൻ ആഫീസിന്റെ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിൽ വോൾട്ടേജ് തീരെ ഇല്ലാത്തതുമൂലം ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വോൾട്ടേജ്ക്ഷാമം പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) 66 കെ.വി. സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എവിടം വരെയെന്നു വിശദമാക്കാമോ ;

(ഡി) 66 കെ.വി. സ്റ്റേഷന്റെ പണി തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വണ്ടിപ്പെരിയാർ 66 കെ.വി. സബ്സ്റ്റേഷന്റെ പണി പൂർത്തിയാകുമ്പോൾ ഇതു പരിഹരിക്കപ്പെടും.

(സി) സബ്സ്റ്റേഷനുവേണ്ടിയുള്ള സ്ഥലം പൊന്നുംവിലയ്ക്കെടുത്തു കഴിഞ്ഞു. പ്ലാനും ഡിസൈനും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ഡി) സബ്സ്റ്റേഷന്റെ പണി താമസിയാതെ തുടങ്ങുന്നതാണ്.

പെരുങ്ങാലം, കൊടുവിള എന്നീ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം

471. [664] ശ്രീ. തോപ്പിൽ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കിഴക്കേ കല്ലട ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന പെരുങ്ങാലം, കൊടുവിള എന്നീ പ്രദേശങ്ങളിൽ തീരെ

LIBRARY ARCHIVES Kerala Legislative Assembly